**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4714**
**23.07.2015 ലെ മറുപടിയ്ക്ക്**

**<u>കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇ- പേയ്മെന്റ്.</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.പി. വിൻസെന്റ് | **ശ്രീ. കെ. എം. മാണി.**<br>ധനകാര്യവും നിയമവും ഭവനനിർമാണവും<br>വകുപ്പുമന്ത്രി |
| (എ) കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; | ഉണ്ട്. |
| (ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചത് ; | എസ്. എൽ. ഐ. പോളിസി ഉടമകൾക്ക് വേഗത്തിൽ ക്ലെയിം തുകയും വായ്പാ തുകയും ലഭ്യമാക്കുക, ചെക്ക് മാറിയെടുക്കുന്നതിന് പോളിസി ഉടമകൾ നൽകേണ്ടിവരുന്ന കളക്ഷൻ ചാർജ് ഒഴിവാക്കുക, വകുപ്പിനുണ്ടാകുന്ന സ്റ്റേഷനറി, തപാൽ എന്നീ ഇനങ്ങളിലുള്ള ചെലവ് കുറയ്ക്കുക എന്നിവയാണ് വകുപ്പിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത സംവിധാനവുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ട്രഷറി വകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവരാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ